بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 22.07.2022

**സയ്യിദുനാ ഹദ്‌റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## ഹദ്‌റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 27

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْکَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِکِ يَوْمِ الدِّيْنِ ○ اِيَّاکَ

نَعْبُدُ وَاِيَّاکَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ

عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് ഞാൻ ഹദ്‌റത് അബൂബക്കർ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഇറാനികൾക്കെതിരെ ഉണ്ടായ നീക്കങ്ങളെ കുറിച്ച് വിവരിക്കുന്നതാണ്. ഇതിൽ ഉണ്ടായ യുദ്ധം ദാത്തുസ്സലാസിൽ ذات السلاسل അഥവാ കാസിമ کاظمہ യുദ്ധം എന്നാണ് അറിയപ്പെടുന്നത്. ഇത് ഹിജ്റ വർഷം 12 ൽ മുഹറമിൽ ആണ് നടന്നത്. ഈ യുദ്ധം മൂന്നു പേരുകളിൽ അറിയപ്പെടുന്നുണ്ട്. ദാത്തുസ്സലാസിൽ യുദ്ധം, കാസിമ യുദ്ധം, ഹഫീർ യുദ്ധം. ഈ യുദ്ധം ദാത്തുസ്സലാസിൽ അഥവാ ചങ്ങല യുദ്ധം എന്നറിയപ്പെടുന്നതിന് കാരണം എന്തെന്നാൽ, അറബിയിൽ സിൽസില എന്ന് പറയുന്നത് ചങ്ങലക്കാണ്. അതിന്റെ ബഹുവചനമാണ് സലാസിൽ. ഈ യുദ്ധത്തിൽ ഇറാനിയൻ സൈനികർ ആരും ഓടിപ്പോകാതിരിക്കാൻവേണ്ടി ഒരാളെ മറ്റൊരാളുമായി ചങ്ങല കൊണ്ട് കൂട്ടിക്കെട്ടിയിരുന്നു.

ഈ യുദ്ധത്തിൽ മുസ്‌ലിംകളുടെ സൈന്യാധിപൻ ഹദ്‌റത് ഖാലിദ് ബിൻ വലീദ് ആയിരുന്നു. ഇറാനിയൻ സൈന്യത്തലവൻ, ഈ പ്രദേശത്തിന്റെ ഭരണാധിപനായിരുന്ന, കുടുംബ കുലമഹിമയിലും അന്തസ്സിലും ആഭിജാത്യത്തിലുമൊക്കെ മറ്റു ഇറാനിയൻ നേതാക്കൻമാരെക്കാളും മുകളിലായിരുന്ന ഹുർമുസ് ആയിരുന്നു. മുസ്‌ലിംകളുടെ സൈന്യബലം പതിനെണ്ണായിരമായിരുന്നു. ഇറാനികൾക്കിടയിൽ അയാളുടെ ഔന്നത്യം സർവ്വസമ്മതമായിരുന്നു. എന്നാൽ ഇറാഖിന്റെ പ്രാന്തപ്രദേശങ്ങളിൽ താമസിച്ചിരുന്ന അറബികൾ അയാളെ വെറുപ്പോടുകൂടിയാണ് കണ്ടിരുന്നത്. കാരണം അയാൾ അറേബിയൻ അതിർത്തികളിൽ ഉണ്ടായിരുന്ന ഭരണാധികാരികളിൽ വെച്ച് ഏറ്റവുമധികം കാഠിന്യവും അക്രമവും ചെയ്യുന്ന ആളായിരുന്നു. അറബികൾക്ക് അയാളോട് എത്രമാത്രം വെറുപ്പുണ്ടായിരുന്നു എന്നാൽ മുസ്‌ലിംകൾ അല്ലാത്ത അറബികൾ എന്തെങ്കിലും മോശമായ കാര്യത്തെ കുറിച്ച് പരാമർശിക്കുമ്പോൾ ഹുർമിസിന്റെ പേര് ശൈലി എന്ന നിലക്ക് ഉപയോഗിച്ചുവന്നിരുന്നു. ഹദ്‌റത് ഖാലിദ് ബിൻ വലീദ് യമാമയിൽ നിന്ന് പുറപ്പെടുന്നതിന് മുമ്പേ ഹുർമുസിന് ഒരു കത്തയച്ചിരുന്നു. ഹദ്‌റത് ഖാലിദിന്റെ കത്ത് ഹുർമുസിന് കിട്ടിയപ്പോൾ അയാൾ കിസ്റാ രാജാവ് അർദ്‌ശീറിന് اردشیر അതേകുറിച്ച് അറിയിപ്പ് കൊടുക്കുകയും തന്റെ സൈന്യങ്ങളെ സ്വരുക്കൂട്ടി വളരെ ശീഘ്രഗതിയിൽ നീങ്ങുന്ന ഒരു സൈന്യവുമായി ഉടൻ തന്നെ ഹദ്‌റത് ഖാലിദിനെ നേരിടാൻ കാസിമയിൽ എത്തുകയും ചെയ്തു. എന്നാൽ അയാൾക്ക് വഴിയിൽ ഹദ്‌റത് ഖാലിദ് ബിൻ വലീദിനെ കണ്ടെത്താൻ കഴിഞ്ഞില്ല. മാത്രമല്ല മുസ്‌ലിംകളുടെ സൈന്യം ഹഫീറിൽ സംഘടിക്കുന്നു എന്ന് അയാൾക്ക് അറിയിപ്പും കിട്ടി. അയാൾ തിരിച്ച് ഹഫീറിലേക് പുറപ്പെട്ടു. ഹുർമുസ് അവിടെ എത്തിയതും തന്റെ സൈന്യത്തെ അണിനിരത്തി. തന്റെ ഇടതും വലതും സഹോദരങ്ങളായ ഖുബാസിനേയും قُباذ അനൂശജാനേയും انوشجان നിർത്തി. ഇറാനികൾ തങ്ങളെ ചങ്ങലയിൽ ബന്ധിച്ചിട്ടുണ്ടായിരുന്നു.

ഹുർമുസ് ഹഫീറിൽ എത്തിയെന്ന് അറിഞ്ഞപ്പോൾ ഹദ്‌റത് ഖാലിദ് തന്റെ സൈന്യത്തെ കാസിമയിലേക്ക് തിരിച്ചു. ഹുർമുസ് അതേകുറിച്ച് അറിഞ്ഞപ്പോൾ കാസിമയിലേക്ക് പോകുകയും അവിടെ തമ്പടിക്കുകയും ചെയ്തു. മുസ്‌ലിംകളുടെ കാലാൾപ്പട മുന്നോട്ട് ഗമിക്കുകയും ശത്രുക്കളെ ആക്രമിക്കുകയും രണ്ടു ഭാഗത്തും യുദ്ധം ആരംഭിക്കുകയും ചെയ്തപ്പോൾ അല്ലാഹു അതോടൊപ്പം തന്നെ ഒരു സഹായവും അയക്കുകയുണ്ടായി. മുസ്‌ലിംകളുടെ അണികൾക്ക് പിന്നിൽ മഴ പെയ്തതു മുഖേന മുസ്‌ലിംകൾക്കു ശക്തി ലഭിക്കുകയുണ്ടായി. ഹുർമുസ് തന്റെ പ്രധിരോധ സംഘത്തോട് പറഞ്ഞു: ഞാൻ ഖാലിദിനെ ദ്വന്ദയുദ്ധത്തിന്‌വേണ്ടി വിളിക്കുന്നതാണ്. അപ്പോൾ നിങ്ങൾ ഓർക്കാപ്പുറത്ത് രഹസ്യമായി ഖാലിദിന് മേൽ ആക്രമണം നടത്തണം.

അതിന്ശേഷം ഹുർമുസ് യുദ്ധമുഖത്തേക്ക് വന്നു ഖാലിദനെ പൊരുതാൻ ക്ഷണിച്ചു. ഹദ്റത് ഖാലിദ് അയാളുടെ അടുത്തേക്ക് നടന്നു പോയി. രണ്ടു പേരും തമ്മിൽ യുദ്ധം തുടങ്ങി. ഹദ്റത് ഖാലിദ് ഹുർമുസിനെ നല്ലപോലെ വരിഞ്ഞു മുറുക്കി. അപ്പോൾ ഹുർമുസിന്റെ പ്രധിരോധസംഘം വഞ്ചന കാണിച്ച്കൊണ്ട് ഹദ്റത് ഖാലിദിനെ ആക്രമിക്കുകയും അദ്ദേഹത്തെ തങ്ങളുടെ വലയത്തിൽ ആക്കുകയും ചെയ്തു. എന്നിട്ടും ഹദ്റത് ഖാലിദ് ഹുർമുസിന്റെ കഥ കഴിച്ചു. ഹദ്റത് ഖഅ്ഖാഅ് ബിൻ അംറ് ഇറാനികളുടെ ഈ വഞ്ചന കണ്ടപ്പോൾ ഹുർമുസിന്റെ പ്രധിരോധസംഘത്തെ ആക്രമിച്ചു; അവരെ വളയുകയും മരണത്തിന്റെ നിദ്രയിലേക്ക് തള്ളിവിടുകയും ചെയ്തു. ഇറാനികൾ സമ്പൂർണമായി പരാജയപ്പെട്ടു. അവർ പിന്തിരിഞ്ഞോടി. ഈ ഓടുന്നവരിൽ ഖുബാദും അനൂശ്ജാനും ഉണ്ടായിരുന്നു. യുദ്ധാവസാനം ഹദ്റത് ഖാലിദ് സമരാർജ്ജിത സ്വത്തുക്കൾ ഹദ്റത് അബൂബക്കർ(റ)ന് അയച്ചുകൊടുത്തു. അക്കൂട്ടത്തിൽ ഹുർമുസിന്റെ ഒരു ലക്ഷം ദിർഹം വിലയുള്ള ആഭരണങ്ങളാൽ അലംകൃതമായ തൊപ്പിയും ഉണ്ടായിരുന്നു. ഹദ്റത് അബൂബക്കർ ഈ തൊപ്പി ഹദ്റത് ഖാലിദ് ബിൻ വലീദിന് സമ്മാനിച്ചു.

അടുത്ത യുദ്ധം ഹിജ്റ പന്ത്രണ്ടാം വർഷം നടന്ന അബല യുദ്ധമാണ്. ഹദ്റത് അബൂബക്കർ ഹദ്റത് ഖാലിദിനോട് ഇറാഖിലെ പേർഷ്യയുടെ ഒരു അതിർത്തി പ്രദേശമായ അബല എന്ന സ്ഥലത്തു നിന്നാണ് യുദ്ധം തുടങ്ങാൻ നിർദേശിച്ചത്. ഇന്ത്യയിലേക്കും സിന്ധിലേക്കും ഇറാഖിൽ നിന്ന് പോയിരുന്ന വാണിജ്യസംഘങ്ങൾ ഏറ്റവുമാദ്യം അബല എന്ന സ്ഥലത്താണ് തമ്പടിക്കാറുണ്ടായിരുന്നത്. അബല ജയിച്ചടക്കിയതിനെ കുറിച്ച് രണ്ടു നിവേദനങ്ങളുണ്ട്. ഒന്ന്, മുസ്ലിംകൾ ഹദ്റത് അബൂബക്കർന്റെ കാലത്താണ് അബലയെ ജയിച്ചടക്കിയത്. എന്നാൽ പിന്നീടത് വീണ്ടും ഇറാനികളുടെ അധീനതയിലായി. ഹദ്റത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ മുസ്ലിംകൾക്ക് വീണ്ടും അതിന്റെ പൂർണനിയന്ത്രണം കിട്ടി. ഏതായിരുന്നാലും അബല യുദ്ധത്തെ കുറിച്ചുള്ള വിശദീകരണം ഇപ്രകാരമാണ്. ദാത്തുസ്സലാസിൽ യുദ്ധത്തിന്ശേഷം ഹദ്റത് ഖാലിദ് ബിൻ വലീദ് ഹദ്റത് മസ്നയെ ഇറാനികളുടെ പരാജിത സൈന്യങ്ങളെ പിന്തുടരാൻ അയച്ചിരുന്നു. അതോടപ്പം സമരാർജ്ജിത സ്വത്തുക്കൾ സ്വരുക്കൂട്ടാനും ബന്ദികളെ പിടിച്ച് കെട്ടാനും ഹദ്റത് മുഅഖലിനെ അബലയിലേക്കും അയക്കുകയുണ്ടായി. അങ്ങനെ മുഅഖൽ അവിടെ നിന്നും പുറപ്പെട്ട് അബലയിലെത്തി. സമരാർജ്ജിത സ്വത്തുക്കൾ സ്വരുക്കൂട്ടുകയും ബന്ദികളെ ഒരുമിച്ച് കൂട്ടുകയും ചെയ്തു.

അടുത്തത് ഹിജ്റ പന്ത്രണ്ടാം വർഷം സഫർ മാസത്തിൽ നടന്ന മദാർ مذار യുദ്ധമാണ്. ഹുർമുസ് ദാത്തുസ്സലാസിൽ യുദ്ധത്തിൽ ഹദ്റത് ഖാലിദ് ബിൻ വലീദിന്റെ എതിരാളിയായിരുന്നു. അയാൾ തന്റെ രാജാവിനോട് സഹായം ചോദിച്ച് കത്തയച്ചിരുന്നു. രാജാവ് അയാളുടെ സഹായത്തിന്വേണ്ടി ഖാരിൻന്റെ قارن നേതൃത്വത്തിൽ ഒരു സൈന്യത്തെ അയക്കുകയുണ്ടായി. പക്ഷെ ഈ സൈന്യം മസാറിലെത്തുമ്പോഴേക്കും ദാത്തുസ്സലാസിൽ യുദ്ധത്തിൽ ഹുർമുസ് പരാജയപ്പെട്ടെന്നും അയാൾ വധിക്കപ്പെട്ടെന്നുമുള്ള അറിയിപ്പ് ഇവർക്ക് ലഭിക്കുകയുണ്ടായി. അതോടൊപ്പം ഹുർമുസിന്റെ പരാജയപ്പെട്ട സേനയിലുള്ള സംഘവും മസാറിൽ ഖാരിനുമായി കണ്ടുമുട്ടി. തുടർന്ന് അവർ മസാറിൽ തമ്പടിക്കുകയും ചെയ്തു. ഖാരിൻ ഖുബാദിനേയും അനൂശ്ജാനിനെയും ഓരോ പ്രഥമ സൈനീക സംഘത്തിലും നിയോഗിച്ചു. ഖാരിൻന്റെ അറിയിപ്പ് കിട്ടിയതും ഹദ്റത് ഖാലിദ് പുറപ്പെട്ടു. മദാറിൽ വെച്ച് അവർ പരസ്പരം ഏറ്റുമുട്ടി. രണ്ടു പക്ഷങ്ങൾക്കുമിടയിൽ ഘോരയുദ്ധം നടന്നു. ഖാരിൻ ദ്വന്ദയുദ്ധത്തിന് വേണ്ടി രണാങ്കണത്തിലിറങ്ങി. മറുഭാഗത്ത് അയാളെ നേരിടാൻ ഹദ്റത് ഖാലിദും ഹദ്റത് മഅഖിലും معقل മുന്നോട്ട് വന്നു. രണ്ടുപേരും ഖാരിനെ പിടികൂടാൻ മുന്നോട്ട് ഗമിച്ചു. പക്ഷെ ഹദ്റത് മഅഖിൽ ഹദ്റത് ഖാലിദിന് മുന്നേ തന്നെ ഖാരിനെ പിടികൂടി വധിച്ചു. ഹദ്റത് ആസിം അനൂശ്ജാനെയും ഹദ്റത് അദിയ്യ് ഖുബാദിനെയും വധിക്കുകയുണ്ടായി. ഈ മൂന്ന് നേതാക്കളും കൊല്ലപ്പെട്ടപ്പോൾ ഇറാനികൾ ആത്മവിശ്വാസം നഷ്ടപെട്ടവരായി. അങ്ങനെ രണാങ്കണംവിട്ട് പിന്തിരിഞ്ഞോടാൻ തുടങ്ങി. ഈ യുദ്ധത്തിൽ പേർഷ്യക്കാരുടെ നിരവധി ആളുകൾ കൊല്ലപ്പെട്ടു.

വൽജ യുദ്ധം ഹിജ്റ പന്ത്രണ്ടാം വർഷം സഫർ മാസത്തിൽ കസ്കർ എന്ന സ്ഥലത്തെ വരണ്ട പ്രദേശത്താണ് നടന്നത്. ഇറാനിയൻ ഭരണകൂടം ഇറാഖിൽ താമസിക്കുന്ന ക്രിസ്ത്യാനികളുടെ ഒരു വലിയ ഗോത്രമായ ബക്കർ ബിൻ വായിലിന്റെ നേതാക്കൻമാരെ ഇറാനിലേക്ക് വിളിച്ചു. അവരെ മുസ്ലിംകൾക്കെതിരിൽ യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ച്കൊണ്ട് ഒരു സൈന്യത്തെ തയ്യാറാക്കി. ഈ സൈന്യത്തിന്റെ നേതൃത്വം സുപ്രസിദ്ധ കുതിരപ്പടയാളിയായ അന്തർ സഗറിനെയാണ് ഏല്പിച്ചത്. ഈ സൈന്യം വലജയിലേക്ക് പുറപ്പെട്ടു.

ഹൈറയുടെയും കസ്കറിന്റേയും പ്രാന്തപ്രദേശങ്ങളിലുള്ള ആളുകളും കൃഷിക്കാരും ഈ സൈന്യത്തോടൊപ്പം കൂടി. ഖാലിദ് ബിൻ വലീദിന് പേർഷ്യൻ സൈന്യം വലജയിൽ ഒരുമിച്ച് കൂടുന്നു എന്ന അറിയിപ്പ് കിട്ടിയപ്പോൾ അദ്ദേഹം അവരുടെ സംഘടിത ശക്തിയെ ഭിന്നിപ്പിക്കുന്നതിനും അങ്ങനെ പൊടുന്നനെ ആക്രമിച്ച്കൊണ്ട് പേർഷ്യൻ സൈന്യത്തെ അസ്വസ്ഥതയിലാക്കുന്നതിനും പേർഷ്യൻ സൈന്യത്തെ മൂന്നു ഭാഗങ്ങളിലൂടെ ആക്രമിക്കുന്നത് ഉചിതമെന്ന് കരുതി. പിന്നെ തന്റെ സൈന്യവുമായി വലജയിലേക്ക് മുന്നേറി. ശത്രു സൈന്യത്തെയും അവരുടെ സംഘങ്ങളെയും നേരിടാൻ ഇറങ്ങി. ഘോരയുദ്ധം നടന്നു. ഹദ്റത് ഖാലിദ് ബിൻ വലീദ് സൈന്യത്തിന്റെ ഇരുഭാഗത്തും യോദ്ധാക്കൾ മുഖേന സംരക്ഷണം ഒരുക്കിയിരുന്നു. അവസാനം സംരക്ഷണത്തിനുള്ള രണ്ട് സൈനീക സംഘങ്ങളും മുഖേന ശത്രുക്കൾക്ക്മേൽ ആക്രമണം നടത്തി. ഇറാനിയൻ സൈന്യം പരാജയപ്പെട്ട് പിന്തിരിഞ്ഞോടി. പക്ഷെ ഹദ്റത് ഖാലിദ് ബിൻ വലീദ് മുന്നിൽ നിന്നും സംരക്ഷണ സംഘങ്ങൾ പിന്നിൽ നിന്നും അവരെ വളഞ്ഞു. അവർ തികച്ചും പരിഭ്രാന്തരായി. എത്രത്തോളമെന്നാൽ തങ്ങളുടെ കൂടെയുള്ളവർ കൊല്ലപ്പെടുന്നത്പോലും അവർ ഗൗനിച്ചില്ല. ശത്രുസൈന്യത്തിന്റെ സൈന്യാധിപൻ പരിക്ഷീണിതനായി; അവസാനം കൊല്ലപ്പെട്ടു. കൃഷിക്കാരോട് ഹദ്റത് ഖാലിദ് ബിൻ വലീദ് നേരത്തെയുള്ള നയം തന്നെ അനുവർത്തിച്ചു. അതായത് അവരെ വധിച്ചില്ല. യുദ്ധം ചെയ്യുന്നവരെയും അവരുടെ മക്കളെയും സഹായികളെയും ബന്ദികളാക്കി. സാധാരണ ജനങ്ങളോട് ജിസിയ കൊടുക്കാനും അവിടുത്തെ പ്രജകളാകാനും ആവശ്യപ്പെട്ടു. അതവർ അംഗീകരിക്കുകയും ചെയ്തു.

ഉലൈസ് യുദ്ധം ഹിജ്റ പന്ത്രണ്ട് സഫർ മാസത്തിലാണ് നടന്നത്. ശക്തമായ യുദ്ധത്തിൽ (ഇറാനികൾ വളരെ സ്ഥൈര്യത്തോടെ ആക്രമണങ്ങളെ നിഷ്പ്രഭമാക്കിക്കൊണ്ടിരുന്നു.) അവസാനം ഹദ്റത് ഖാലിദ് ബിൻ വലീദ് ഭൗതീക സാധന സാമഗ്രികൾ മാത്രം അപര്യാപ്തമാണെന്ന് കണ്ടപ്പോൾ വളരെ വിനയാന്വിതനായി കൈകൾ ഉയർത്തി ഇങ്ങനെ ദുആ ചെയ്തു. അല്ലാഹുവേ, നീ എനിക്ക് ശത്രുക്കൾക്ക്മേൽ വിജയം നൽകുകയാണെങ്കിൽ ഞാൻ ഒരു ശത്രുവിനെയും ജീവനോടെ വിടുന്നതല്ല. ഈ നദി ശത്രുക്കളുടെ രക്തത്താൽ ചുവക്കുന്നതായിരിക്കും. അതിന്ശേഷം ഖാലിദ് യുദ്ധമുറകൾ പുറത്തെടുത്ത് കൊണ്ട് സൈന്യത്തെ ഇടതും വലതും ഭാഗത്ത്നിന്ന് ഇറാനിയൻ സൈന്യത്തിന്റെ വശങ്ങളിലൂടെ ആക്രമിക്കാൻ കൽപന കൊടുത്തു. ഈ അക്രമണത്തോടു കൂടി ഇറാനിയൻ സൈന്യം ചിന്നിച്ചിതറി. ഹദ്റത് ഖാലിദ് ശത്രുക്കളെ ബന്ദിയാക്കാനും പൊരുതാൻ വരാത്ത ആരെയും കൊല്ലരുതെന്നും കല്പിച്ചു.

ഇത് സംബന്ധിച്ച് താരീഖ് തിബരി അടക്കമുള്ള നിരവധി ചരിത്രകാരൻമാർ എഴുതിയിട്ടുള്ളത്, ഹദ്റത് ഖാലിദ് തന്റെ ദുആയിൽ ചെയ്ത ശപഥം അനുസരിച്ച് ഒരു പകലും ഒരു രാത്രിയും ബന്ദികളെ കൊന്ന്, അവരുടെ രക്തം കാരണം വെള്ളം ചുവന്നതാകാൻവേണ്ടി നദിയിലേക്ക് ഇടുകയുണ്ടായി എന്നാണ്. അത് കാരണം ഈ നദി ഇന്നും **നഹ്റുദ്ദം** എന്നറിയപ്പെടുന്നു. ഇസ്‌ലാമിക യുദ്ധങ്ങളിൽ പ്രത്യേകിച്ചും റസൂൽ തിരുമേനി(സ)യുടേയും ഖിലാഫത്തേ റാശിദയുടെയും കാലത്തുണ്ടായ യുദ്ധങ്ങളിൽ ഒരിക്കലും ബന്ദികളെ കൊലചെയ്തിട്ടില്ല. ആ യുദ്ധങ്ങളിൽ എല്ലാം കൊല്ലപ്പെട്ടവരുടെ എണ്ണം ആയിരക്കണക്കിനും ലക്ഷക്കണക്കിനും കാണുന്നുണ്ട്. പക്ഷെ അവർ എല്ലാവരും യുദ്ധം ചെയ്യുന്ന അവസ്ഥയിൽ കൊല്ലപ്പെട്ടവർ ആയിരുന്നു. അത്കൊണ്ട് ഇത്തരം സംഭവങ്ങളിൽ അതിശയോക്തിയുടെ അംശവും ഒരു പരിധിവരെ ചേർന്നിട്ടുണ്ടാകാം. അങ്ങനെ ഇസ്‌ലാമിക യുദ്ധങ്ങളെയും ഹദ്റത് ഖാലിദ് ബിൻ വലീദിന്റെ വ്യക്തിത്വത്തെയും ആക്രമിക്കാൻ അവസരം ഉണ്ടാക്കിയതുമാകാം. ഏതായാലും അല്ലാഹുവിന് തന്നെ നന്നായി അറിയാം. പക്ഷെ പ്രത്യക്ഷത്തിൽ ഇത് ഒരു ആരോപണമായി തന്നെ അനുഭവപ്പെടുന്നു.

അംഗേഷിയ ജയിച്ചടക്കിയതിനെ കുറിച്ച് എഴുതുന്നു, അംഗേഷിയ ഇറാഖിലുള്ള ഒരു പ്രദേശമാകുന്നു. ഹിജ്റ പന്ത്രണ്ട് സഫർ മാസത്തിൽ യുദ്ധം കൂടാതെ തന്നെ അംഗേഷിയക്ക്മേൽ അല്ലാഹു വിജയം നൽകി. ഹദ്റത് ഖാലിദ് ഉലൈസ് വിജയത്തിന്ശേഷം തയ്യാറെടുപ്പുകൾ നടത്തി അംഗേഷിയയിൽ എത്തി. പക്ഷെ അദ്ദേഹം വരുന്നതിന് മുന്നേ തന്നെ അവിടെയുള്ള ആളുകൾ ധൃതിപ്പെട്ട് തങ്ങളുടെ നാട് വിട്ട് ഓടിപോയിരുന്നു. മുസ്‌ലിംകൾക്ക് അംഗേഷിയയിൽ നിന്ന് കിട്ടിയ സമരാർജ്ജിത സ്വത്തുക്കൾ ദാത്തുസ്സലാസ് മുതൽ ഇത് വരെ മറ്റൊരു യുദ്ധത്തിലും കിട്ടിയിട്ടില്ല.

ഉലൈസും അംഗേഷിയയും ജയിച്ചടക്കിയ വിവരം ഹദ്റത് ഖാലിദ് ബനൂഅജലിലെ യോദ്ധാവായ വഴികാട്ടി എന്ന നിലക്ക് പ്രസിദ്ധനായിരുന്ന ജന്ദൽ എന്നു പേരുള്ള ഒരാൾ മുഖേന അയക്കുക യുണ്ടായി. അദ്ദേഹം ഹദ്റത് അബൂബക്കർന്റെ സവിധത്തിലെത്തി ഉലൈസിന്റെ വിജയവർത്തയും സമരാർജ്ജിത സ്വത്തുക്കളുടെ കണക്കും

ബന്ദികളുടെ എണ്ണവും അഞ്ചിലൊന്ന് ഭാഗമെന്ന നിലക്ക് കിട്ടിയിട്ടുള്ള സാധനങ്ങളും പ്രശസ്തമായ പ്രകടനങ്ങൾ കാഴ്ചവെച്ചവരുടെ വിവരണങ്ങളും പ്രത്യേകിച്ചും ഹദ്റത് ഖാലിദിന്റെ ധൈര്യവും വളരെ നല്ല രീതിയിൽ വിവരിക്കുകയുണ്ടായി. ഹദ്റത് അബൂബക്കർ(റ)ന് അദ്ദേഹത്തിന്റെ ഉറച്ച അഭിപ്രായങ്ങളും വിജയവാർത്ത കേൾപ്പിക്കുന്ന ശൈലിയും ഏറെ ഇഷ്ടപ്പെട്ടു. തുടർന്ന് അദ്ദേഹം സമരാർജ്ജിത സ്വത്തുക്കളിൽ ഉണ്ടായിരുന്ന ഒരു അടിമ സ്ത്രീയെ അദ്ദേഹത്തിന് കൊടുക്കാൻ കൽപിച്ചു. അതിൽ അദ്ദേഹത്തിന് മക്കളും ഉണ്ടായി. ആ സന്ദർഭത്തിൽ ഹദ്റത് അബൂബക്കർ പറഞ്ഞു: ഇനി ഹദ്റത് ഖാലിദ് ബിൻ വലീദിനെ പോലെയുള്ള ആളുകളെ ജനിപ്പിക്കാൻ സ്ത്രീകൾക്ക് കഴിയുന്നതല്ല.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَآءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Mubarak Mosque, Islamabad, UK – on 22.07.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**